**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2766** **25-06-2024 - ൽ മറുപടിയ്ക്ക്**

**നെന്മാറ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (നെന്മാറ)** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെന്മാറ മണ്ഡലത്തിലെ എത്ര കോളനികളെയാണ് അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെന്മാറ മണ്ഡലത്തിലെ കക്കാട്ട്കുന്ന് (2021-22), ചൂരിക്കോട് മൂപ്പർപ്പൊറ്റ (2021-22), ചേപ്പലോട് (2021-22) എന്നീ ഗ്രാമങ്ങളെ അംബേദ്കർ ഗ്രാമം പദ്ധതിയിലേക്ക് തെരഞ്ഞെടുത്തിട്ടുണ്ട്. |
| (ബി) | ഇതിൽ എത്ര കോളനികളുടെ പ്രവൃത്തികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | പ്രസ്തുത മൂന്ന് പദ്ധതികളും പൂർത്തീകരിച്ചിട്ടില്ല. |
| (സി) | മറ്റുകോളനികളുടെ പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കുമെന്നും നിലവിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇതുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ളതെന്നും വിശദമാക്കാമോ? | (സി) | കക്കാട്ട്കുന്ന് ഗ്രാമ നവീകരണത്തിൽ റോഡ് കോൺക്രീറ്റിംഗ്, സംരക്ഷണഭിത്തി നിർമ്മാണം, ഡ്രെയിനേജ് പ്രവൃത്തികൾ, തറക്കളം കനാൽ പാലത്തിന്റെ വീതികൂട്ടൽ, പൊറ്റക്കുളം റോഡിൽ കലിംഗ് നിർമ്മാണം എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ചൂരിക്കോട് മൂപ്പർപ്പൊറ്റ ഗ്രാമത്തിനകത്തുള്ള വ്യക്തിഗത പ്രവൃത്തികൾ റോഡ് വർക്ക്സ്, സൈഡ് പ്രൊട്ടക്ഷൻ, ചൂരിക്കോട് മൂപ്പർപ്പൊറ്റ റോഡിൽ കലിംഗ് നിർമ്മാണം, പൈപ്പ് കൾവെർട്ട് നിർമ്മാണം, ഡ്രെയിൻ സ്ലാബ്, ഫൂട്ട് സ്ലാബ് നിർമ്മാണം, ഇലക്ട്രിക് പോസ്റ്റ് മാറ്റൽ എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതിൽ അംഗനവാടി പുനരുദ്ധാരണ പ്രവൃത്തി മാത്രമാണ് ടി രണ്ട് പദ്ധതികളിലും പൂർത്തീകരിക്കാനുള്ളത്. ചേപ്പലോട് ഗ്രാമ നവീകരണ പദ്ധതിയുടെ എസ്റ്റിമേറ്റ് ഏജൻസി സമർപ്പിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ